# കേരള സർവകലാശാല

നം.പി.ആർ.209/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### ടൈംടേബിൾ

സെപ്റ്റംബർ 28 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ. എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.വോക് സോഫ്റ്റ് വെയർ ഡെവലപ്മെന്റ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 25 മുതൽ സെന്റ് മൈക്കിൾസ് കോളേജ്, ചേർത്തലയിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 ഫെബ്രുവരിയിൽ നടന്ന നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ. എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 11 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2017 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം/യു.ഐ.എം/ഈവനിംഗ് റഗുലർ 2009 & 2014 സ്കീം & ട്രാവൽ ആൻഡ് ടൂറിസം 2014 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

2018 ജൂണിൽ നടന്ന ഒന്നാം വർഷ എം.എ മലയാളം, പബ്ലിക് അഡ്മിനിസ്ട്രേഷൻ (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ.

2018 ജനുവരിയിൽ നടന്ന കമ്പൈൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (2008 സ്കീം സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഒക്ടോബർ 15 വരെ അപേക്ഷിക്കാം. വിശദവിവരങ്ങളും കരട് മാർക്ക് ലിസ്റ്റും വെബ്സൈറ്റിൽ.

### വൈവാ വോസി

2018 ആഗസ്റ്റിൽ നടന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ.എൽ. എൽ.ബി/ബി.ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി പരീക്ഷയുടെ വൈവാ വോസി ഒക്ടോബർ 8 മുതൽ അതതു പരീക്ഷാകേന്ദ്രങ്ങളിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ആഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ് പരീക്ഷയുടെ വൈവാ വോസി ഒക്ടോബർ 10 ന് അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2018 നവംബർ 7 മുതൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകൾക്കും 9 മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകൾക്കും പിഴ ഇല്ലാതെ ഒക്ടോബർ 1 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 5 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 9 വരെയും പരീക്ഷാഫീസ് അടയ്ക്കാം

2004, 2009, 2010, 2011 അഡ്മിഷൻ വിദ്യാർത്ഥികൾക്കു മാത്രം എൽ.എൽ.എം രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് 2000/- രൂപ അഡിഷണൽ മേഴ്സി ചാൻസ് ഫീസോടുകൂടി രജിസ്റ്റർ ചെയ്യാവുന്നതാണ്.

നാലാം സെമസ്റ്റർ എൽ.എൽ.എം വിദ്യാർത്ഥികൾ നവംബർ 23 ന് മുൻപ് ഡിസർട്ടേഷൻ സർവകലാശാലയിൽ സമർപ്പിക്കണം. (അവസാന പരീക്ഷ കഴിഞ്ഞ് 15 ദിവസത്തിന് ശേഷം)

## റാങ്ക് ലിസ്റ്റ്

സർവകലാശാലയുടെ കീഴിലുള്ള യു.ഐ.റ്റികളിൽ 2018 – 19 വർഷത്തെ എം.എസ്.ഡബ്യൂ കോഴ്സിലേക്ക് പ്രവേശനം നേടുന്നതിനായ് പ്രവേശന പരീക്ഷ, ഗ്രൂപ്പ് ചർച്ച, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിൽ തയാറാക്കിയ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ www.admissions.keralauniversity.ac.in ൽ ലഭ്യമാണ്.

## പരീക്ഷാകേന്ദ്രം

വിദൂര വിദ്യാഭ്യാസ വിഭാഗം സെപ്റ്റംബർ 28 ന് തിരുവനന്തപുരം ആർട്സ് കോളേജിൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ആന്വൽ സ്കീം (പേപ്പർ IV ഡാറ്റാ ബേസ് മാനേജ്മെന്റ് സിസ്റ്റം – ന്യൂ സ്കീം ഡാറ്റാ ബേസ് മാനേജ്മെന്റ് സിസ്റ്റം ആൻഡ് കൊബോൾ– ഓൾഡ് സ്കീം) പരീക്ഷ വിദൂര വിദ്യാഭ്യാസ വിഭാഗം പാളയം സെന്ററിൽ വച്ച് നടത്തുന്നതായിരിക്കും. സമയം 2 മണി മുതൽ 5 മണി വരെ. മറ്റു പരീക്ഷകൾ മുൻ നിശ്ചയ പ്രകാരം ആർട്സ് കോളേജിൽ വച്ച് നടത്തും.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2018
## സ്പോട്ട് അഡ്മിഷൻ സെപ്തംബർ 25ന്

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ /യു.ഐ.റ്റി/ ഐ.എച്ച്.ആർ.ഡി കോളേജുകളിൽ 2018–19 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അതത് കോളേജുകളിൽ വെച്ച് സെപ്തംബർ 25–ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. 25–ാം തീയതി രാവിലെ 9 മണി മുതൽ 12 മണി വരെ ഹാജരാകുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളു. ഈ സമയത്തിനകം ഹാജരാകുന്ന വിദ്യാർത്ഥികളിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി സെപ്തംബർ 26–ന് രാവിലെ പത്ത് മണിക്ക് പ്രവേശനം നടത്തും. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സെപ്തംബർ 26–ന് രാവിലെ 10 മണിക്ക് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകണം. ഏതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളെ സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുന്നതല്ല. ഇതുവരെ അഡ്മിഷൻ ലഭിക്കാത്തവരെയും എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും (റ്റി.സി ഉൾപ്പടെ ) ഹാജരാക്കാൻ കഴിയുന്നവരെയുമാണ് സെപ്തംബർ 26–ന് പ്രവേശനത്തിനായി പരിഗണിക്കുക.സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ അധിക സമയം അനുവദിക്കുന്നതല്ല. വിദ്യാർത്ഥികളെ നിലവിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രമേ സ്പോട്ട് അഡ്മിഷനു വേണ്ടി പരിഗണിക്കുകയുള്ളു.സ്പോട്ട് അഡ്മിഷന് പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് നിർബന്ധമായും കോളേജിൽ ഹാജരാക്കണം.

സ്പോട്ട് അഡ്മിഷന് പരിഗണിക്കുന്ന ഒഴിവുകളുടെ എണ്ണം സർവകലാശാല അഡ്മിഷൻ പോർട്ടലിൽ (http://admissions .keralauniversity.ac.in) പ്രസിദ്ധപ്പെടുത്തും. കാറ്റഗറി തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം ബന്ധപ്പെട്ട കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. സെപ്തംബർ 25-ാം തീയതി തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്നും ഒഴിവുള്ള സീറ്റിലേയ്ക്ക് കാറ്റഗറി പരിഗണിച്ച് അഡ്മിഷൻ നടത്തും. നിശ്ചിത യോഗ്യതയുള്ള അപേക്ഷകർ ഇല്ലെങ്കിൽ മെറിറ്റ് അടിസ്ഥാനമാക്കി 25-ാം തീയതി തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്ന് പ്രവേശനം നടത്താവുന്നതാണ്. ഒഴിവുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് അതത് കോളേജുകളിൽ സെപ്തംബർ 25-ാം തീയതി ഉച്ചക്ക് 12 മണിക്കകം ഹാജരാകേണ്ടതാണ്. അപേക്ഷകൾ ഒന്നും തന്നെ സർവകലാശാലയിൽ അയയ്ക്കേണ്ടതില്ല

## ഒന്നാം വർഷ പി.ജി പ്രവേശനം 2018
## അലോട്ട്മെന്റ് നഷ്ടമായവരെ വീണ്ടും പരിഗണിക്കും.

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/ യു.ഐ.റ്റി/ഐ.എച്ച്.ആർ.ഡി കോളേജുകളിൽ 2018 – 19 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ (പി.ജി) പ്രവേശനത്തിനായി ഒന്നും രണ്ടും അലോട്ട്മെന്റിൽ പരിഗണിക്കപ്പെടുകയും എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ എടുക്കാൻ സാധിക്കാതിരിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ നൽകിയിട്ടുള്ള റീകൺസിഡർ ടാബ് ഉപയോഗിച്ച് അടുത്ത അലോട്ട്മെന്റിൽ പരിഗണിക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്.

## കേരള സർവകലാശാല ഒന്നാം വർഷ പി.ജി. പ്രവേശനം, 2018
## ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലും (ഗവ./എയ്ഡഡ്/സ്വാശ്രയ/ഐ.എച്ച്.ആർ.ഡി.) യു.ഐ.ടി.കളിലും ബിരുദാനന്തരബിരുദ(പി.ജി.) പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള (http://admissions.keralauniversity.ac.in) വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം വരുത്തുവാൻ അവസരം നൽകുന്നു. സെപ്തംബർ 19-ാം തീയതി വൈകുന്നേരം അഞ്ച് മണി മുതൽ സെപ്തംബർ 25 -ാം തീയതി രാവിലെ 10 മണി വരെ സ്വന്തം ഓൺലൈൻ അപേക്ഷയിൽ മാറ്റങ്ങൾ വരുത്താം. ഓൺലൈൻ അപേക്ഷയിൽ നിലവിൽ നൽകിയിട്ടുള്ള ഓപ്ഷനുകൾ അടക്കം തിരുത്തലുകൾ വരുത്തുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. സെപ്തംബർ 25 രാവിലെ 10 മണിക്ക് ശേഷം ഓൺലൈൻ അപേക്ഷയിൽ യാതൊരു വിധത്തിലുമുള്ള തിരുത്തലുകളും ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഇതിനായി സർവകലാശാലയെ നേരിട്ട് സമീപിക്കേണ്ടതില്ല.

ഇത്തരത്തിൽ വരുത്തിയ മാറ്റങ്ങൾ പരിഗണിച്ച് സെപ്തംബർ 26-ാം തീയതി വൈകുന്നേരം ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തും. നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സ്വന്തം നിലയ്ക്ക് തിരുത്തലിന് അവസരം ഇല്ല. തിരുത്തലുകൾ ആവശ്യമുള്ള അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ സർവകലാശാലയുമായി ബന്ധപ്പെടേണ്ടതാണ്. പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച കോളേജ്, കോഴ്സ് എന്നിവയിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർന്നുള്ള അലോട്ട്മെന്റിൽ ഹയർ ഓപ്ഷനിൽ ലഭിച്ച കോളേജും കോഴ്സും നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. തിരുത്തലുകൾ വരുത്തിക്കഴിഞ്ഞവർ ഓൺലൈൻ അപേക്ഷയുടെ പുതിയ പ്രിന്റൗട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
22.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**